**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1243** | **10-08-2023 - ൽ മറുപടിയ്ക്ക്**

**ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ 438/4, 441/10 സർവ്വേ നമ്പരിലുള്ള 20 സെന്റ് ഭൂമി കലാഭവൻ മണിയുടെ സ്മാരകം നിർമ്മിക്കുന്നതിന് ലഭ്യമായിട്ടുണ്ട്. 15.09.2021ലെ സ.ഉ.(സാധാ)നം.335/2021/ സാം.കാ.വ ഉത്തരവ് പ്രകാരം സ്മാരക നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 27.02.2023 ൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 15 സെന്റ് സ്ഥലം കൂടി ഉടമസ്ഥത പ്രസ്തുത വകുപ്പിൽ നിലനിർത്തിക്കൊണ്ട് കലാഭവൻ മണി സ്മാരക നിർമ്മാണത്തിനായി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ഫോക്ക് ലോർ അക്കാദമി സെക്രട്ടറി ഉചിതമാർഗ്ഗേണ സാംസ്കാരിക കാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഫോക്ക് ലോർ അക്കാദമി സെക്രട്ടറി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പധ്യക്ഷൻ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |
| (ബി) | ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 15 സെന്റ് സ്ഥലം കൂടി ലഭ്യമാക്കുന്നതിനുള്ള ശിപാർശ ഫോക് ലോർ അക്കാദമി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ? | (ബി) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ 438/4, 441/10 സർവ്വേ നമ്പരിലുള്ള 20 സെന്റ് ഭൂമി കലാഭവൻ മണിയുടെ സ്മാരകം നിർമ്മിക്കുന്നതിന് ലഭ്യമായിട്ടുണ്ട്. 15.09.2021ലെ സ.ഉ.(സാധാ)നം.335/2021/ സാം.കാ.വ ഉത്തരവ് പ്രകാരം സ്മാരക നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 27.02.2023 ൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 15 സെന്റ് സ്ഥലം കൂടി ഉടമസ്ഥത പ്രസ്തുത വകുപ്പിൽ നിലനിർത്തിക്കൊണ്ട് കലാഭവൻ മണി സ്മാരക നിർമ്മാണത്തിനായി കൈമാറുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ ഫോക്ക് ലോർ അക്കാദമി സെക്രട്ടറി ഉചിതമാർഗ്ഗേണ സാംസ്കാരിക കാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഫോക്ക് ലോർ അക്കാദമി സെക്രട്ടറി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പധ്യക്ഷൻ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ